

# വെണ്ണൂർ സെന്റ് മേരീസ് ഇടവക

ക്രൈസ്തവരും അക്രൈസ്തവരും അധിവസിക്കുന്ന ഒരു കർഷകമേഖലയാണ് വെണ്ണൂർ. ആദ്യകാലങ്ങളിൽ പുരാതനമായ അമ്പഴക്കാട് ഇടവകാതിർത്തിയിൽപ്പെട്ട സ്ഥലമായിരുന്നു. നാട്ടുകാരായ കത്തോലിക്കർക്ക് മതകർമ്മങ്ങളിൽ സംബന്ധിക്കാനും കുട്ടികളുടെ വേദപാഠത്തിനും മറ്റും മൂന്നുകിലോമീറ്റർ അകലെയുള്ള അമ്പഴക്കാട് ഫൊറോനപള്ളി, രണ്ടുകിലോമീറ്റർ വീതം അകലെയുള്ള കോട്ടയ്ക്കൽ ആശ്രമ ദേവാലയം, മേലഡൂർ പള്ളി, കല്ലൂർ കർമ്മലീത്താമഠം കപ്പേള എന്നിവിടങ്ങളിൽ പോകേണ്ടിയിരുന്നു. ഇത് ക്ലേശകരമായിരുന്നതിനാൽ, എല്ലാവരും സംഘടിച്ച് ഇവിടെ 1928 മുതൽ അമലോത്ഭവ മാതാവിന്റെ നാമധേയത്തിൽ നിലനിന്നിരുന്ന വണക്കമാസ കപ്പേള ഒരു കുരിശുപള്ളിയാക്കി പണിതുയർത്തുവാൻ 1965-ൽ തീരുമാനിച്ചു. പള്ളി പണിയാൻ ആവശ്യമായ സ്ഥലം ശ്രീ. കുന്നത്തുപറമ്പിൽ അന്തോണി ഔസേഫ് നല്കി.

## ദേവാലയം

കുരിശുപള്ളിയുടെ ഈ സംരംഭത്തിന് അന്ന് കോട്ടയ്ക്കൽ ആശ്രമാധിപൻ ആയിരുന്ന ബഹു. മാർട്ടിൻ സി.എം.ഐ. അച്ചൻ പ്രോത്സാഹനം നല്കി. അദ്ദേഹം തന്നെയാണ് 1965 ഡിസംബർ 30-ാം തിയ്യതി തറക്കല്ലിട്ടത്. റോഡിന്റെ വടക്കുവശത്ത് തെക്കോട്ട് അഭിമുഖമായിരുന്നു പള്ളി. ഇടവകക്കാരുടെ അക്ഷീണ യത്നം വഴിയായി 1967-ൽ കുരിശുപള്ളിയുടെ മദ്ബഹായും ഹൈക്കലായും (മെയിൻ ഹാൾ) പൂർത്തീകരിച്ചു. അന്നത്തെ തൃശ്ശൂർ രൂപതാ വികാരി ജനറാൾ മോൺ. സക്കറിയാസ് വാഴപ്പിള്ളിയച്ചൻ 1967 ഡിസംബർ 31-ാം തിയ്യതി പള്ളി വെഞ്ചിരിച്ച് വി. കുർബാനയർപ്പിച്ചു.

പിന്നീട് 10 കൊല്ലത്തേയ്ക്ക് അമ്പഴക്കാട് ഫൊറോനപള്ളിയിൽ നിന്ന് ബഹു. അച്ചന്മാർ ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും ഇവിടെവന്ന് ദിവ്യബലിയും മറ്റു തിരുക്കർമ്മങ്ങളും അനുഷ്ഠിച്ചുപോന്നു. ഇങ്ങനെ 1977 മാർച്ച് മാസംവരെ തുടർന്നു. ഇതിനിടെ പള്ളിയുടെ എതിർവശത്ത് റോഡിന്റെ തെക്കുഭാഗത്തുള്ള പറമ്പിൽ 1976 അവസാനത്തോടെ വൈദികമന്ദിരവും സിമിത്തേരിയും പണിത് പൂർത്തിയാക്കി. 1971-ൽ വേദപാഠ സൗകര്യത്തിന് ഒരു കെട്ടിടം സമീപത്തായി നിർമ്മിച്ചു. 1976-ൽ സിമിത്തേരി വെഞ്ചരിച്ച് ആദ്യത്തെ മൃതദേഹ സംസ്കാരം നടന്നു.

## സ്ഥിരവാസമുള്ള വൈദികൻ, ഇടവക

ഒരു സ്വതന്ത്ര ഇടവക ആകുന്നതിന് മുന്നോടിയായി 1977 മാർച്ച് 30-ാം തിയ്യതി മുതൽ ഇവിടെ താമസിച്ച് അജപാലനശുശ്രൂഷ നിർവ്വഹിക്കുന്നതിന് സ്ഥിരമായി ഒരച്ചനെ നിയമിച്ചാക്കി - ബഹു. മർസേല്ലൂസ് സി.എം.ഐ. പിന്നീട് ഇരിങ്ങാലക്കുട രൂപതയുടെ വിളംബരം കഴിഞ്ഞ നാളുകളിൽ 1978 ജൂലൈ 16-ാം തിയ്യതി മാർ ജോസഫ് കുണ്ടുകുളം നിയുക്തമെത്രാൻ മാർ ജെയിംസ് പഴയാറ്റിൽ എന്നീ പിതാക്കന്മാരുടെ സാന്നിധ്യത്തിൽ ഇത് ഇടവകപ്പള്ളി



പരി. ഫാത്തിമമാതാവിന്റെ കപ്പേള

യായി ഉയർത്തപ്പെട്ടു. ബഹു. മാർസേല്ലൂസ് അച്ച നായിരുന്നു പ്രഥമ വികാരി. ഈ പ്രദേശത്തെ നിവാസികളായി അമ്പഴക്കാട് ഫൊറോനപള്ളി, മേല ഡൂർ പള്ളി എന്നീഇടവകകളിൽ നിന്നുള്ള 86 കുടും ബങ്ങളാണ് വെണ്ണൂർ ഇടവകയിൽ ഉൾപ്പെട്ടത്.

17.01.1979-ന് വികാരിയായ ബഹു. ഡേവിസ് അമ്പൂക്കനച്ചൻ 1982-ൽ മണിമാളികയും 1983-ൽ സിമിത്തേരിയിലെ കപ്പേളയും പണികഴിപ്പിച്ചു. 1993-ൽ ആലത്തൂർ കപ്പേള സ്ഥാപിതമായി.

കേവലം 86 വീട്ടുകാരോടുകൂടി ആരംഭിച്ച ഇടവകപ്പള്ളി കാൽനൂറ്റാണ്ട് പിന്നിട്ടപ്പോഴേയ്ക്കും മുന്നൂറിൽപരം കുടുംബങ്ങളായി വളർന്നു. ഈ സാഹചര്യത്തിൽ സ്ഥലപരിമിതി പരിഹരിക്കുന്നതിന് പുതിയൊരു പള്ളി ഉണ്ടാകുക കാലഘട്ടത്തിന്റെ ആവശ്യമായിത്തീർന്നു. പള്ളിയോഗം ഇക്കാര്യത്തെപ്പറ്റി തീരുമാനിക്കുകയും പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി രൂപതയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തു. അതനുസരിച്ച് 1999 മേയ് 31-ാം തിയ്യതി പരി. മാതാവിന്റെ വണക്കമാസത്തിരുനാളിൽ പുതിയ പള്ളി യുടെ ശിലാസ്ഥാപനവും നിർവ്വഹിച്ചു.

## നവീന ദേവാലയം

ഇടവകക്കാരുടെ ത്യാഗപൂർണ്ണമായ നിരന്തര അദ്ധ്വാനവും ജാതിമതഭേദമെന്യേ ദിനംപ്രതിയുള്ള ശ്രമദാനവും വികാരി ബഹു. ഫ്രാൻസിസ് കൊടിയൻ അച്ചന്റെ ശക്തമായ നേതൃത്വവും പള്ളിപ്പണിയുടെ പുരോഗതി ത്വരിതപ്പെടുത്തി. 2002 ജനുവരി 10-ാം തിയ്യതി വ്യാഴാഴ്ച അഭിവന്ദ്യപിതാവ് മാർ ജെയിംസ് പഴയാറ്റിൽ മനോഹരവും വിസ്തൃതവുമായ നവീന ദേവാലയം കൂദാശചെയ്ത് സമർപ്പിച്ചു.

## വൈദികമന്ദിരം, ഹാൾ

പുതിയ പള്ളിയുടെ നിർമ്മാണത്തിനും സ്ഥലസൗ കര്യം കിട്ടുന്നതിനുവേണ്ടി പഴയ വൈദികമന്ദിരവും മതബോ ധനഹാളും പൊളിച്ചുകളയേണ്ടിവന്നു. അതിനാൽ, 2002 മേയ് 7-ാം തിയ്യതി പുതിയ വൈദികമന്ദിരത്തിന് തറക്കല്ലിടുകയും വേഗം പണിതീർത്ത് 2002 നവംബർ 6-ാം തിയ്യതി ആശീർവദിക്കുകയും ചെയ്തു. മതബോധ നാവശ്യത്തിന് താത്ക്കാലികമായി പഴയപള്ളി ഉപ യോഗിച്ചുപോന്നു. 2006-ൽ പുതിയ പള്ളിയുടെ മുൻവ ശത്ത് റോഡരുകിൽ ഒരു കപ്പേള പണിത് 2006 മേയ് 31- ാം തിയ്യതി വെഞ്ചിരിച്ചു. വേദപാഠക്ലാസ്സിന്റെ സൗക ര്യാർത്ഥം പുതിയ പള്ളിയുടെ കിഴക്കുഭാഗത്ത് ഇരുനില കെട്ടിടമായി 10 ക്ലാസ്മുറികളോടുകൂടിയ ഒരു പുതിയ മതബോധനഹാൾ പണികഴിപ്പിക്കുകയും 2008 മേയ് 31-ാം തിയ്യതി ആശീർവദിക്കുകയും ചെയ്തു.



നവീന വൈദിക മന്ദിരം



മതബോധന ഹാൾ



സെന്റ് ആന്റണീസ് കപ്പേള
ആലത്തൂർ



പഴയ പള്ളി